സ്കൂൾ ആർട്ട് ഗ്യാലറി

56 (5127) ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ആർട്ട് ഗ്യാലറി തുടങ്ങുവാൻ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കലാപഠനം സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ നിയമസഭാമണ്ഡലത്തിലും തെരഞ്ഞെടുത്ത സ്കൂളുകളിൽ ആർട്ട് ഗ്യാലറി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കലാപഠനം കുട്ടികളിൽ പരിപോഷിപ്പിക്കുന്നതിനും വേണ്ട പ്രോത്സാഹനം നൽകുന്നതിനും കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം.

(സി) സംസ്ഥാനത്തെ എല്ലാ നിയമസഭാമണ്ഡലത്തിലും ചിൽഡ്രൻസ് ആർട്ട് ഗ്യാലറി തുടങ്ങുന്നതിന് മുന്നോടിയായി സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയും എല്ലാ നിയമസഭാമണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം തെരഞ്ഞെടുത്ത് ബന്ധപ്പെട്ട മണ്ഡലത്തിലെ എം.എൽ.എ.മാരുമായി കൂടിയാലോചിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിന് ഡി.പി.ഐ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജവഹർലാൽ നെഹ്റുവിന്റെ 125-ാമത് ജന്മവാർഷികത്തോടനുബന്ധിച്ച് 2014 നവംബർ 14-ന് ഒരു ചിത്ര രചനാമത്സരം, ലളിതകലാ അക്കാദമിയുടെ സഹകരണത്തോടെ നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly